**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3578** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവീസിൽ ഭിന്നശേഷി വിഭാഗത്തിനുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംവരണ തോത് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | Rights of Persons with Disabilities Act 2016 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ സർവീസിൽ ഭിന്നശേഷി വിഭാഗത്തിനുള്ള സംവരണം നിലവിലുണ്ടായിരുന്ന 3% ത്തിൽ നിന്ന് 4% ആയി ഉയർത്തി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് G O (P) No: 12/2019/SJD തീയതി 31.10.2019 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കെ എസ് ആൻഡ് എസ് എസ് ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | എത്ര വിഭാഗങ്ങളായാണ് ഭിന്നശേഷിക്കാരെ സംവരണത്തിന് പരിഗണിക്കുന്നതെന്നും വിഭാഗങ്ങൾ ഏതെല്ലാമാണെന്നും അറിയിക്കാമോ; ഭിന്നശേഷി സംവരണ നിയമനങ്ങൾക്കുള്ള റോട്ടേഷനും ആയതിന് സ്വീകരിക്കുന്ന മുൻഗണനാക്രമവും വ്യക്തമാക്കാമോ; | (ബി) | Rights of Persons with Disabilities Act 2016 സെക്ഷൻ 34 ൽ വിവക്ഷിക്കുന്ന പ്രകാരം (a) blindness and low vision (b) deaf and hard of hearing (c) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy: (d) autism, intellectual disability, specific learning disability and mental illness (e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness എന്നീ ഭിന്നശേഷി വിഭാഗക്കാരെ ജോലി സംവരണത്തിനായി പരിഗണിക്കുന്നുണ്ട്. G O (P) No: 12/2019/SJD തീയതി 31.10.2019 ഉത്തരവ് പ്രകാരം നൂറ് പോയിന്റ് റിസർവേഷൻ റോസ്റ്ററിൽ 1, 26, 51, 76 എന്നീ ടേണുകളിൽ ഭിന്നശേഷി സംവരണം അനുവദിച്ചു ഉത്തരവായിട്ടുണ്ട്. |
| (സി) | സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി എന്നിവ നേരിടുന്നവരെ സംവരണ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഏത് ഭിന്നശേഷി വിഭാഗത്തിലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ഇതര ഭിന്നശേഷിവിഭാഗങ്ങൾ ആരെല്ലാമാണെന്നും | (സി) | സെറിബ്രൽ പാൾസി വിഭാഗത്തെ മൂന്നാമത്തെ സംവരണ വിഭാഗത്തിൽ locomotor disability വിഭാഗത്തിൽ leprosy cured dwarfism, acid attack victim and muscular dystrophy എന്നീ വിഭാഗങ്ങൾക്കൊപ്പമാണ് പരിഗണിക്കുന്നത്. മാനസിക വെല്ലുവിളി നേരിടുന്നവരെ നാലാമത്തെ |

| | | | |
|---|---|---|---|
| | നിയമന റോട്ടേഷനിൽ ഇവരെ പരിഗണിക്കുന്നത് എങ്ങനെയെന്നും അറിയിക്കാമോ; | | വിഭാഗത്തിൽ autism, intellectual disability, specific learning disability and mental illness & (e) multiple disabilities from amongst persons under clauses (a) to (d) including deaf-blindness എന്നീ വിഭാഗങ്ങൾക്കൊപ്പമാണ് പരിഗണിക്കുന്നത്. ഓരോ വിഭാഗത്തിലും ഉൾപ്പെടുന്നവർക്കിടയിൽ പ്രത്യേകിച്ച് മുൻഗണന നിശ്ചയിച്ചിട്ടില്ല. |
| (ഡി) | ഭിന്നശേഷി വിഭാഗക്കാർക്ക് അവരുടെ ശേഷിക്കനുസരിച്ച് നൽകാവുന്ന ജോലികളുടെ പട്ടിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | 2018 വരെ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ തസ്തികകൾ ക്രോഡീകരിച്ച കൊണ്ട് ഹാൻഡ് ബുക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | സെറിബ്രൽ പാൾസി ബാധിച്ച എത്ര പേർക്കാണ് ഭിന്നശേഷി വിഭാഗത്തിൽ 2018 മുതൽ നാളിതുവരെ നിയമനം നൽകിയിട്ടുള്ളത്; സർക്കാർ ജോലികൾക്കായി മൽസരിക്കുമ്പോൾ സെറിബ്രൽ പാൾസി ബാധിതർ പിന്തള്ളപ്പെട്ടുപോകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | വിവരം ശേഖരിച്ചു വരുന്നു. സെറിബ്രൽ പാൾസി ബാധിതർ പിന്തള്ളപ്പെട്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ